പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3679

15.3.2018 -ൽ മറുപടിയ്ക്ക്

**ബേക്കൽ റിസോർട്ട് ഡവലപ്പ്മെന്റ് കോർപ്പറേഷന് ബജറ്റിലുള്ള തുക**

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ : | | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ബി.ആർ.ഡി..സി ക്ക് (ബേക്കൽ റിസോർട്ട് ഡവലപ്പ്മെന്റ് കോർപ്പറേഷൻ) നാളിതുവരെയായി ബജറ്റിൽ എത്ര രൂപ നൽകിയിട്ടുണ്ടെന്നുള്ള വിശദാംശം അറിയിക്കാമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ബി.ആർ.ഡി.സി ക്ക് (ബേക്കൽ റിസോർട്ട് ഡവലപ്പ്മെന്റ് കോർപ്പറേഷൻ) 2016-17, 2017-18, 2018-19 വർഷങ്ങളിലെ ബജറ്റുകളിൽ യഥാക്രമം 150 ലക്ഷം, 300 ലക്ഷം, 330 ലക്ഷം എന്നിങ്ങനെ തുക വകയിരുത്തിയിട്ടുണ്ട്. |
| ബി) | ഈ തുക എന്തിനൊക്കെയാണ് ചെലവഴിച്ചിട്ടുള്ളതെന്ന വിശദാംശം ലഭ്യമാക്കുമോ; | ബി) യും സി) യും | 2017-18-ൽ അനുവദിച്ച 300 ലക്ഷം രൂപയുടെ വിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| സി) | അടിസ്ഥാന വികസന രംഗത്ത് എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നുള്ള വിശദാംശങ്ങൾ അറിയിക്കാമോ; | | |
| ഡി) | ബജറ്റിൽ അനുവദിച്ച തുക ചെലവഴിക്കാൻ സാധിക്കാതെ പോയിട്ടുണ്ടോ;വിശദാംശങ്ങൾ അറിയിക്കാമോ; | ഡി) യും ഇ) യും | 2016-17 വർഷം ബി.ആർ.ഡി.സിയ്ക്കുള്ള share capital contribution ഇനത്തിൽ വകയിരുത്തിയിരുന്ന 150 ലക്ഷം രൂപ Tourism promotion/ marketing പരിപാടികൾക്കായി വിനിയോഗിക്കുന്നതിന് ബി.ആർ.ഡി.സി നിർദ്ദേശിച്ചിരുന്നെങ്കിലും Share capital ഇനത്തിൽ കോർപ്പറേഷന് വകയിരുത്തിയിട്ടുള്ള തുക പ്രസ്തുത ആവശ്യങ്ങൾക്ക് വക മാറ്റി ചെലവഴിക്കാൻ അനുവദനീയമല്ലാത്തതിനാൽ ടി തുക ചെലവഴിക്കാൻ സർക്കാർ അനുമതി നൽകിയില്ല. |
| ഇ) | എങ്കിൽ എത്ര രൂപയാണ് ചെലവഴിക്കാൻ കഴിയാതെ പോയിട്ടുള്ളതെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

# അനുബന്ധം

2017-18 പ്ലാൻ ഫണ്ട് ഉപയോഗിച്ച് നിലവിൽ നടന്നുവരുന്ന പ്രവർത്തികളുടെ സ്ഥിതി വിവരങ്ങൾ

| ക്രമ നം | ഇനം | തുക (രൂപ ലക്ഷത്തിൽ) | ഇപ്പോഴത്തെ സ്ഥിതി |
|---|---|---|---|
| 1 | ടി-ബ്രേക്ക് പ്രോജക്ട് (ടൂറിസം വികസനം സഞ്ചാരികൾക്കുള്ള സൗകര്യങ്ങൾ - ടോയ്‌ലെറ്റ്, ടീ ഷോപ്പ്, ക്യൂരിയോ ഷോപ്പ്) | 152.00 | ടി-ബ്രേക്ക് പദ്ധതി കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് പ്രവർത്തി ഏൽപ്പിച്ചു. |
| 2 | ഉത്തര മലബാറിന്റെ വിശിഷ്ടമായ പ്രത്യേകതകളെ കുറിച്ചുള്ള 10 വീഡിയോ ബ്രോഷറിന്റെ നിർമ്മാണം. | 63.00 | ഈ പ്രവർത്തി സംസ്ഥാന വിനോദ സഞ്ചാര വകുപ്പിന്റെ അംഗീകൃത ഐ.സി.ടി ഏജൻസിയായ ഇൻവിസ് മൾട്ടി മീഡിയ വഴി നടപ്പിലാക്കിവരുന്നു. |
| 3 | സംരംഭകത്വ വികസന പദ്ധതി വർക്ക്ഷോപ്പ് തുടർ പ്രവർത്തനങ്ങൾ, പ്രാദേശിക പ്രചാരണം എന്നിവ. | 25.00 | സംരംഭകത്വ വികസന പദ്ധതി (SMILE) വർക്ക്ഷോപ്പും തുടർ പ്രവർത്തനങ്ങളും പ്രാദേശിക പ്രചാരണവും ഘട്ടം ഘട്ടമായി നടപ്പിലാക്കി വരുന്നു. |
| 4 | സർക്കാർ നയങ്ങൾക്ക് അനുസൃതമായി നിലവിലുള്ള ടൂറിസം ഉല്പന്നങ്ങൾക്കുള്ള ഉന്നമനവും പ്രചാരണവും | 60.00 | നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ